**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1548 — 15/02/2016-ൽ മറുപടിയ്ക്ക്

## നിറവ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.ശ്രീരാമകൃഷ്ണൻ** | | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കൃഷി വകുപ്പ് നടപ്പാക്കുന്ന നിറവ് പദ്ധതിയിൽ പൊന്നാനി മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; | എ) | 2014-15-ൽ കൃഷി വകുപ്പിന്റെ എല്ലാ സംസ്ഥാനാവിഷ്കൃത പദ്ധതികളും നിയോജക മണ്ഡലത്തിന്റെ സാദ്ധ്യത പരിഗണിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ സംക്ഷിപ്ത വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന് അനുവദിച്ചിരുന്ന തുക എത്രയെന്ന് വിശദമാക്കുമോ; | ബി) | നിറവ് പദ്ധതിയ്ക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ നിയോജക മണ്ഡലത്തിന് പ്രത്യേക തുക അനുവദിച്ചിരുന്നില്ല. |
| സി) മലപ്പുറം ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിലേക്കും നിറവ് പദ്ധതിയിൽ വകയിരുത്തിയ തുക മണ്ഡലം തിരിച്ച് വിശദമാക്കുമോ? | സി) | 2012-13-ൽ നിറവ് പദ്ധതിയ്ക്കായി തിരഞ്ഞെടുത്ത കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ 48.94 ലക്ഷം രൂപയുടെ പദ്ധതികൾ ആർ.കെ.വി.വൈ-യിൽ അംഗീകരിച്ച് നല്കുകയുണ്ടായി. 2013-14-ൽ മങ്കട, കൊണ്ടോട്ടി, തിരൂരങ്ങാടി, വണ്ടൂർ, നിലമ്പൂർ, വേങ്ങര, പെരിന്തൽമണ്ണ, പൊന്നാനി എന്നീ മണ്ഡലങ്ങളും 2014-15-ൽ ഏറനാട്, വള്ളിക്കുന്ന്, താനൂർ, തിരൂർ, താവനൂർ എന്നീ നിയോജക മണ്ഡലങ്ങളും നിറവ് പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. |

നിറവ് പദ്ധതിയ്ക്കായി ബജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. എന്നാൽ കൃഷി വകുപ്പിന്റെ എല്ലാ സംസ്ഥാനാവിഷ്കൃത പദ്ധതികളും ഈ നിയോജക മണ്ഡലങ്ങളിലെ കാർഷിക രംഗത്തെ സമഗ്ര വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം
## പൊന്നാനി നിയോജക മണ്ഡലം

### 2014-15-ൽ നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | ചിലവാക്കിയ തുക (ലക്ഷം) |
|---|---|---|
| 1 | നെൽകൃഷി വികസന പദ്ധതി | 22.9174 |
| 2 | പച്ചക്കറി വികസന പദ്ധതി | 15.2859 |
| 3 | ആർ.കെ.വി.വൈ | 48.9045 |
| 4 | വിജ്ഞാന വ്യാപന ശാക്തീകരണം | 6.75076 |
| 5 | അഗ്രോ സർവ്വീസ് സെന്റർ, സർവ്വീസ് ഡെലിവറി | 3.36476 |
| 6 | ഗുണനിലവാര നിയന്ത്രണം | 0.04 |
| 7 | ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് | 10.385 |
| 8 | കേര സമൃദ്ധി | 5.03 |
| 9 | സുഗന്ധ വ്യഞ്ജന വിള വികസനം | 7.975 |
| 10 | സോയിൽ ഹെൽത്ത് മാനേജ്മെന്റ് | 21.9387 |
| 11 | ബയോഗ്യാസ് വികസന പദ്ധതി | 4.4419 |
| 12 | എസ്.എച്ച്.എം പദ്ധതി | 18.39505 |
| | **ആകെ** | **165.42897** |

സെക്ഷൻ ഓഫീസർ